(ബി) ലഭ്യമാണ്.

(സി) പ്രവർത്തനക്ഷമമാണ്.

(ഡി)&(ഇ) ലീഡിംഗ് ചാനലിന്റെ വീതിയും ആഴവും കൂട്ടിയാൽ തോട്ടപ്പള്ളി സ്പിൽവേയുടെ പ്രയോജനം കൂടുതൽ ഫലപ്രദമാക്കാനാകും. ഇക്കാര്യം വിശദമായ പഠനങ്ങൾക്ക് ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തുന്നതാണ്.

കുടപ്പുഴ ചെക്ക് ഡാം

41 (3440)പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി കുടപ്പുഴ ചെക്ക് ഡാം പണി ഈ സീസണിൽ തന്നെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കുടപ്പുഴ ചെക്ക് ഡാം പണിയുടെ കരാർ ഏറ്റെടുത്തു നടത്തിയിരുന്ന കരാറുകാരൻ 45 ശതമാനം പണി പൂർത്തിയായപ്പോൾ കൂടുതൽ ആനുകൂല്യങ്ങൾ നേടി എടുക്കുന്നതിനായി പണി നിർത്തിവയ്ക്കുകയും, ബഹു.ഹൈക്കോടതി മുമ്പാകെ ഹർജി നൽകുകയും ചെയ്തു. ആയതിന്റെ നടപടി ഹൈക്കോടതിയിൽ നടന്നുവരികയാണ്. കോടതിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

42 (3441)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള 28 സബ് ഡിവിഷൻ ഓഫീസുകൾ പഞ്ചായത്തുകൾക്ക് കീഴിലാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) കേരള വാട്ടർ അതോറിറ്റി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന ജലവിതരണ പദ്ധതികൾക്കും പുതിയ ജലവിതരണ പദ്ധതികളുടെ നിർമ്മാണത്തിനും, ജീവനക്കാരുടെ കുറവ് ഉണ്ടായിരിക്കെ ഇത്രയും ഓഫീസുകളും. ജീവനക്കാരും കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് വിട്ടു പോകുന്നത് ഈ നിർമ്മാണ പ്രവർത്തനങ്ങളെ (എ.ആർ.പി.എൽ.ഐ.സി. ഹഡ്കോ പദ്ധതികൾ) സാരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കുവാനും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാനും ജീവനക്കാരുടെ സാരമായ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വാട്ടർ അതോറിറ്റിയിൽ ആവശ്യമുള്ള ജീവനക്കാരെ കൂടുതലായി ഉൾപ്പെടുത്തി, പുനർ വിന്യസിച്ച് പുഃസംഘടിപ്പിച്ചാൽ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരള വാട്ടർ അതോറിറ്റിയുടെ 28 സബ് ഡിവിഷനുകൾ പഞ്ചായത്തിനു കീഴിലാക്കുകയാണെങ്കിൽ വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളം, സർവീസ് ആനുകൂല്യങ്ങൾ എന്നിവ സംരക്ഷിക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി)&(സി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ജോലിഭാരം തിട്ടപ്പെടുത്തി കൂടുതൽ ഓഫീസുകൾ സ്ഥാപിക്കുന്നകാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഡി) വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് ഇതിനുള്ള നിർദ്ദേശം അയയ്ക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പഞ്ചായത്തിനുകീഴിൽ കൊണ്ടുവരുന്നതിന് തീരുമാനമൊന്നും എടുത്തിട്ടില്ല.

വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

43 (3442)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ''ഇൻ സർവീസ് കോട്ടയിൽ'' അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്ക് പി.എസ്.സി. മുഖാന്തിരം നടത്തുന്ന നിയമനത്തിൽ സംവരണതത്വം പാലിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കഴിഞ്ഞ കാലങ്ങളിൽ എന്തെങ്കിലും സംവരണതത്വം പാലിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാധിനിധ്യം ഉണ്ടായിരുന്നോ;

(ഡി) ഇല്ലെങ്കിൽ ഇത് ഉറപ്പാക്കുവാൻ മേൽപ്പറഞ്ഞ കാറ്റഗറിയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനം നടത്തുമോ?

ഉത്തരം

(എ) ഇൻസർവീസ് കോട്ടയിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം ഫലത്തിൽ ഒരു പ്രൊമോഷൻ ആയതിനാൽ സംവരണതത്വം ബാധകമാവുകയില്ല.

(ബി)-(ഡി) ഉദിക്കുന്നില്ല.

ശുദ്ധജല വിതരണം

44 (3443)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിൽ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി എത്ര കുഴൽ കിണറുകൾ ഉപയോഗിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly